LIBRARY ARCHIVES Kerala Legislative Assembly

പുതിയ റേഷൻ കടകൾ

111(2738) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കടകൾ തുടങ്ങുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) പുതിയ റേഷൻ കടകൾ തുടങ്ങുന്നതിനായി നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം പുതിയതായി വരുന്ന കടകളിൽ 400-ൽ കുറയാതെ കാർഡുകൾ ഉണ്ടായിരിക്കണം. എന്നാൽ സമീപസ്ഥമായ കടകളിൽ 400 കാർഡുകളിൽ കുറയാനും പാടില്ല. എന്നാൽ തീരെ ഗതാഗത സൗകര്യമില്ലാത്തിടത്തും ആദിവാസി മേഖലകളിലും ആവശ്യമായ ഇളവുകൾ നൽകി പുതിയ കടകൾ അനുവദിക്കുന്നുണ്ട്.

(ബി) പൊതുവിതരണ ശൃംഖല എല്ലാ പ്രദേശങ്ങളിലേയ്ക്കും വ്യാപിപ്പിക്കുകയും എല്ലാ വിഭാഗം ജനങ്ങൾക്കും ഇതിന്റെ പ്രയോജനം ലഭ്യമാക്കി വിലക്കയറ്റവും ഭക്ഷ്യസുരക്ഷയും ഉറപ്പാക്കുക.

(സി) പുതിയ റേഷൻ കട അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെയും സിവിൽ സപ്ലൈസ് ഡയറക്ടറുടെ ശിപാർശയുടെയും അടിസ്ഥാനത്തിൽ കേരള റേഷനിംഗ് ഓർഡറിലെ വ്യവസ്ഥകൾക്ക് അനുസൃതമായി പുതിയ റേഷൻ കടകൾ അനുവദിച്ച് നൽകുന്നു.

പുതിയ റേഷൻകാർഡുകൾ

112(2743) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതിയ റേഷൻ കാർഡുകളിൽ കടന്നുകൂടിയ പിശകുകൾ തിരുത്തുന്നതിന് പ്രത്യേക സംവിധാനം നടപ്പിലാക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

പുതിയ റേഷൻ കാർഡിൽ പിശകുകൾ ഒഴിവാക്കുന്നതിനുള്ള എല്ലാ നടപടികളും പൊതുവിതരണ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ പ്രീ-പോപ്പുലേറ്റഡ് ഫോറങ്ങളുടെ ഡാറ്റാ എൻട്രി ചെയ്യുകയും ഓൺലൈനായിട്ടും ഡാറ്റാ എൻട്രിയുടെ പ്രിന്റൗട്ട് ഫോറങ്ങൾ റേഷൻ കടകളിലൂടെ വിതരണം ചെയ്തും തെറ്റ് തിരുത്തുന്നതിനും പുതിയ വിവരങ്ങൾ ഉൾപ്പെടുത്തുന്നതിനും കാർഡുടമകൾക്ക് അവസരം നൽകിയിരുന്നു. ഇപ്രകാരം വെരിഫിക്കേഷൻ ഉൾപ്പെടെ ഡാറ്റാ എൻട്രി പൂർത്തീകരിച്ചിട്ടുണ്ട്. കരട് മുൻഗണനാ/മുൻഗണനേതര പട്ടിക പ്രസിദ്ധീകരിച്ച് കഴിഞ്ഞാൽ, അതിന്മേൽ പരാതികളും ആക്ഷേപങ്ങളും ഉള്ളവർക്ക് പഞ്ചായത്ത് സെക്രട്ടറി അദ്ധ്യക്ഷനായ വെരിഫിക്കേഷൻ കമ്മിറ്റികളിലൂടെ പരിഹാരം തേടാനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. ഇതിനുശേഷമേ പുതിയ കാർഡുകൾ പ്രിന്റ് ചെയ്ത് നൽകുകയുള്ളൂ.

നെല്ല് സംഭരണ വില

113(2744) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണ വില വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എത്ര രൂപയായാണ് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) പാലക്കാട് ജില്ലയിൽ നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് എത്ര രൂപയാണ് കുടിശ്ശികയായി നൽകുവാനുള്ളത്;

(ഡി) നെല്ല് സംഭരണം കാര്യക്ഷമമായി നടക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്വകാര്യ നെല്ല് സംരംഭകരെയും ഇടത്തട്ടുകാരെയും പ്രസ്തുത മേഖലയിൽ നിന്നും ഒഴിവാക്കുന്നതിന് സമഗ്രമായ നയം പ്രഖ്യാപിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) 2015-16 ഒന്നാം സീസൺ മുതൽ നെല്ലിന്റെ സംഭരണ വില വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) കിലോയ്ക്ക് 19 രൂപയായിരുന്ന സംഭരണ വില 21.50 രൂപയായി 2015-16 ഒന്നാം സീസൺ മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) പാലക്കാട് ജില്ലയിൽ 1-1-2016 മുതൽ 14-2-2016 വരെ 10.07 കോടി രൂപ കുടിശ്ശികയായി കർഷകർക്ക് നൽകുവാനുണ്ട്. ഇത് നൽകുവാനുള്ള നടപടികൾ നടന്നുവരുന്നു.

1437/2018.

LIBRARY ARCHIVES Kerala Legislative Assembly